(ഇ) വിദേശ ഫണ്ടിന്റെ വിനിയോഗെ സുതാര്യമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ച് സമഗ്ര അന്വേഷണം നടത്താൻ തയ്യാറാവുമോ?

ഉത്തരം

(എ) ഉണ്ട്. അവയെ സംരക്ഷിക്കുന്നതിലേക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

ജീവജാലങ്ങളുടെ തനതായ ആവാസ വ്യവസ്ഥയ്ക്കുവേണ്ടി സംരക്ഷിത വനങ്ങളുടെ ഒരു ശൃംഖല നിർമ്മിച്ചിട്ടുണ്ട്. പ്രോജക്ട് എലിഫന്റ്, പ്രോജക്ട് ടൈഗർ, ബയോസ്പിയർ റിസർവ്വുകൾ എന്നിങ്ങനെയുള്ള പദ്ധതികൾ ഇതിനായി നടപ്പാക്കിവരുന്നു. കൂടെക്കൂടെയുള്ള വന്യജീവികളുടെ കണക്കെടുപ്പും ക്രമാനുഗതമായ നിരീക്ഷണത്തിനുള്ള സംവിധാനവും നടത്തിവരുന്നു. കൂടാതെ കാട്ടുതീ തടയൽ, സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, മണ്ണ്-ജല സംരക്ഷണ പ്രവർത്തികൾ, കള നിയന്ത്രണം, വേട്ടയാടൽ തടയുന്നതിനായി നിരന്തര പെട്രോളിംഗുകൾ, ക്യാമ്പുകൾ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നു.

(ബി) ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രകൃതി സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വ്യക്തികൾ എന്നിവർക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(സി) ഈ വിവരം ലഭ്യമല്ല.

(ഡി) ഇക്കാര്യത്തെക്കുറിച്ച് വനം വകുപ്പ് പരിശോധന നടത്താറില്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മലയോര പ്രദേശങ്ങളിലെ കൃഷികൾ കാട്ടുമൃഗങ്ങൾ നശിപ്പിക്കുന്നത് തടയാൻ നടപടി

112(1475) ശ്രീ. പി. കെ. അബ്ദുറബ്ബ്:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. ഇസ്ഹാക് കുരിക്കൾ:

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര പ്രദേശങ്ങളിലെ കൃഷികൾ കാട്ടുമൃഗങ്ങൾ ഇറങ്ങി നശിപ്പിക്കുന്നതുകൊണ്ട് കൃഷിക്കാർക്കുണ്ടാകുന്ന നഷ്ടത്തിനും കാട്ടുമൃഗങ്ങളുടെ ആക്രമണം കൊണ്ട് പരിക്കേറ്റിട്ടുള്ളവർക്കും സർക്കാർ നഷ്ടപരിഹാരം നല്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന് സ്വീകരിച്ചിരിക്കുന്ന നടപടിക്രമം വ്യക്തമാക്കുമോ;

(സി) കൃഷിയെ ശല്യം ചെയ്യുന്ന കാട്ടുമൃഗങ്ങളേയും നാട്ടുകാരെ ആക്രമിച്ച് പരിക്കേൽപ്പിക്കുന്നവരേയും വെടിവയ്ക്കുന്നതിന് കൃഷിക്കാർക്ക് അനുവാദം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത് അനുവദിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വന്യമൃഗങ്ങളുടെ ആക്രമണം മൂലം നാശനഷ്ടം സംഭവിക്കുന്നവർക്ക് 1980-ൽ ഇതിനായി രൂപീകരിച്ച ചട്ടങ്ങൾ അനുസരിച്ച് നഷ്ടപരിഹാരം നൽകിവരുന്നു. മരണപ്പെട്ടവരുടെ ആശ്രിതർക്ക് 50,000 രൂപ വീതവും അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25,000 രൂപ വീതവും കാർഷിക നഷ്ടം സംഭവിക്കുന്നവർക്ക് 10,000 രൂപ വരെയും നഷ്ടപരിഹാരം നൽകുവാനുള്ള വ്യവസ്ഥ ഈ ചട്ടങ്ങളിലുണ്ട്. ഇത് അനുസരിച്ചുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ സമർപ്പിച്ചാൽ അതാത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസറാണ് നഷ്ടപരിഹാരം അനുവദിക്കുന്നത്.

(സി) ഇല്ല.

(ഡി) വന്യജീവി (സംരക്ഷണം) നിയമപ്രകാരം അനുവദനീയമല്ല.

(നക്ഷത്ര ചിഹ്നമിടാത്ത 1476, 1477, 1478 എന്നീ ചോദ്യങ്ങളുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

വനമേഖലയുടെ വികസനത്തിന് ലോകബാങ്കിന്റെ ധനസഹായം

113(1479) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. കെ. ജയചന്ദ്രൻ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരിസ്ഥിതിയും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടെ വനമേഖലിയുടെ വികസനത്തിനും ശാസ്ത്രീയ രീതിയിൽ വ്യത്യസ്ത ജൈവവൈവിധ്യ മേഖലകളുടെ ഉന്നമനത്തിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണ് ഈ പദ്ധതി ആരംഭിച്ചത്; ഈ പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly